(Pages : 4) **S – 7584**

**Reg. No. : .............................**

**Name : ..................................**

# Third Semester M.A. Degree Examination, February 2024

## Malayalam Language and Literature

## ML 232 : വിവർത്തനം - തത്ത്വവും പ്രയോഗവും

## (2013-2018 Admission)

Time : 3 Hours Max. Marks : 75

I. **ഈരണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) എന്താണ് വിവർത്തനം? വിവർത്തനം എന്ന പദത്തിനു പകരം പ്രയോഗിക്കുന്ന പദങ്ങൾ ഏതൊക്കെയാണ്?

അല്ലെങ്കിൽ

(b) സ്രോതഭാഷ, ലക്ഷ്യഭാഷ ഇവ എന്തെന്ന് വ്യക്തമാക്കുക.

2. (a) ജെ.സി. കാറ്റ്ഫോർഡ് വിവർത്തനത്തിനു നൽകിയിരിക്കുന്ന നിർവ്വചനത്തിലെ നിർദ്ദേശം സാഹിത്യത്തിൽ സമ്പൂർണ്ണമായും സാധ്യമല്ല. കാരണമെന്ത്?

അല്ലെങ്കിൽ

(b) സാഹിത്യത്തിലും സാധ്യമാകുന്ന പ്രായോഗികാഭിപ്രായമാണ് യൂജിൻ എ. നൈഡ വിവർത്തനത്തിനു നൽകിയ നിർവ്വചനത്തിൽ പ്രകടിപ്പിച്ചിട്ടുള്ളത്. വ്യക്തമാക്കുക.

3. (a) വിവർത്തനം ശാസ്ത്രമാണെന്ന് പറയുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) എന്താണ് യന്ത്രതർജ്ജുമ?

P.T.O.

4. (a) വാർത്താമാധ്യമരംഗത്ത് വിവർത്തനം ഏതു തരത്തിലാണ് സഹായകമാകുന്നത്?

അല്ലെങ്കിൽ

(b) ചലച്ചിത്രരംഗത്ത് വിവർത്തനത്തിന്റെ പങ്കെന്താണ്?

5. (a) അന്തർഭാഷിക (ഏകഭാഷിക) വിവർത്തനം, അന്തഃപ്രതീകാത്മകവിവർത്തനം ഇവ എന്തെന്ന് വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ലിപ്യങ്കനം, ലിപ്യന്തരണം ഇവ എന്തെന്ന് വ്യക്തമാക്കുക.

6. (a) എന്താണ് രൂപതുല്യതാവാദം?

അല്ലെങ്കിൽ

(b) സമാനഫലവാദം എന്തെന്ന് വ്യക്തമാക്കുക.

7. (a) വൃത്താനുവൃത്ത വിവർത്തനത്തിന്റെ പ്രശ്നങ്ങൾ എന്തൊക്കെയാണ്?

അല്ലെങ്കിൽ

(b) മുക്തഛന്ദസിൽ വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

**(7 × 3 = 21 Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) ബൈബിൾ വിവർത്തനങ്ങളുടെ ലഘുചരിത്രം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) ഇതര ഭാരതീയഭാഷകളിൽനിന്ന് മലയാളത്തിലേക്കുള്ള വിവർത്തനചരിത്രം എഴുതുക.

9. (a) ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ വിവർത്തനസംഭാവനകൾ എന്തൊക്കെയാണ്? വിശദീകരിക്കുക.

അല്ലെങ്കിൽ

(b) എഴുത്തച്ഛന്റെ വിവർത്തനരീതി വിശദീകരിക്കുക.

10. (a) എന്താണ് വാചാവിവർത്തനം (മൗഖിക വിവർത്തനം)? വാചാവിവർത്തനം ആവശ്യമായി വരുന്ന വിവിധ മേഖലകൾ ഏതൊക്കെയാണ്?

അല്ലെങ്കിൽ

(b) ആശുവിവർത്തനം അഥവാ പ്രസംഗതർജ്ജുമ ദുഷ്കരമാണ്. കാരണമെന്ത്? പ്രസംഗതർജ്ജുമ ഏതൊക്കെ രീതിയിലുണ്ട്?വിശദമാക്കുക.

11. (a) ഒരു ഉത്തമവിവർത്തകന്റെ സവിശേഷതകളും ധർമ്മവും എന്തൊക്കെയാണെന്ന് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ഒരു വിവർത്തകനെ സഹായിക്കുന്ന പ്രധാനപ്പെട്ട ഉപകരണങ്ങൾ എന്തൊക്കെയാണ്? വിശദീകരിക്കുക.

12. (a) വിവർത്തനങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?

അല്ലെങ്കിൽ

(b) ഭരണഭാഷയുടെ വിവർത്തനത്തിൽ വരുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?

**(5 × 6 = 30 Marks)**

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ അഭിവൃദ്ധിയിൽ വിവർത്തനത്തിന്റെ പങ്ക് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ശബ്ദാർത്ഥങ്ങളുടെ പ്രാധാന്യമനുസരിച്ച് വിവർത്തനത്തെ എത്ര വിഭാഗങ്ങളായി തിരിക്കാം? ഏതൊക്കെ? വിശദീകരിക്കുക.

14. (a) സർഗ്ഗാത്മകസാഹിത്യവിവർത്തനത്തിലെ പ്രശ്നങ്ങൾ എന്തൊക്കെയാണ്? വിശദീകരിക്കുക.

അല്ലെങ്കിൽ

(b) തിരുനല്ലൂർ കരുണാകരൻ, ജി. ശങ്കരക്കുറുപ്പ് എന്നിവരുടെ മേഘസന്ദേശ വിവർത്തനങ്ങൾ താരതമ്യം ചെയ്യുക.

15. (a) മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

Evening of a hot day started the little wind to moving among the leaves. The shade climbed up the hills towards the top. On the sandbanks the rabbits sat as quitely as little grey, sculptured stones. And then from the direction of the state highway came the sound of footsteps on crisp sycamore leaves. The rabbits hurried noiselessly for cover. A stilled heron laboured up into the air and pounded down river. For a moment the place was lifeless and then two men emerged from the path and came in to the opening by the green pool. They had walked in single file down the path and even in the open one stayed behind the other. Both were dressed in denim trousers and in denim coats with brass buttons. Both wore black, shapeless hats and both carried tight blanket rolls slung over their shoulders.

അല്ലെങ്കിൽ

(b) ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

ഞങ്ങളുടെ തെരുവിൽ മിക്ക ദിവസങ്ങളിലും സാമൂഹ്യമോ രാഷ്ട്രീയമോ മതപരമോ ആയ സമ്മേളനങ്ങൾ കൂടാറുണ്ട്. സമ്മേളനം ആരംഭിക്കുന്നതിന് രണ്ടോ മൂന്നോ മണിക്കൂറുകൾ മുമ്പു തന്നെ മൈക്കുകൾ ഉച്ചത്തിൽ പ്രവർത്തിച്ചു തുടങ്ങും. ഇത്തരത്തിലുള്ള ശബ്ദമലിനീകരണം നമ്മുടെ ഒരു ശാപമാണ്. ഇത് ആധുനിക ജീവിതത്തെയാകെ ശല്യം ചെയ്യുന്നു. കുട്ടികളുടെ പരീക്ഷാസമയങ്ങളിൽ പോലും ഇവർ യാതൊരു ദയയും കാണിക്കാതെയാണ് മൈക്കുകൾ പ്രവർത്തിപ്പിക്കുന്നത്. ഇത് മാത്രമല്ല തൊട്ടടുത്ത നഴ്സിംഗ് ഹോമിലെ രോഗികൾക്കും ഇതു വലിയ ശല്യമാണ്. ഇവിടുത്തെ എല്ലാ വീട്ടുകാരുടെയും പ്രതിനിധിയായി ഞാൻ താങ്കളോട് ഈ പ്രശ്നത്തിന് തക്കതായ പരിഹാരം കാണണമെന്ന് അപേക്ഷിക്കുകയാണ്.

**(3 × 8 = 24 Marks)**